## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3003 — 10.03.2017 ൽ മറുപടിയ്ക്ക്

# ഇ ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) പൊതു ജനങ്ങൾക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിൽ ഇ ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ - ഡിസ്ട്രിക്ട് പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി അപേക്ഷകർക്ക് ലഭ്യമാക്കി വരുന്നു. എപ്പോഴും,എവിടെനിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് നടപ്പിലാക്കിവരുന്നത്. ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി പൊതുജനത്തിന് വീട്ടിലിരുന്നു തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും, ലഭിക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. |
| (സി) നിലവിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഈ സംവിധാനം വഴി ലഭിക്കുന്നത്; | (സി) താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ – ഡിസ്ട്രിക്ട് സംവിധാനം വഴി നൽകി വരുന്നു.<br>1. ജാതി സർട്ടിഫിക്കറ്റ്<br>2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്<br>4. ബന്ധുത്വ സർട്ടിഫിക്കറ്റ് |

5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്വേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

(ഡി) അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് നൽകേണ്ട ഫീസ് എത്ര വീതമാണ്;

(ഡി) അക്ഷയ കേന്ദ്രങ്ങൾ വഴി സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിന് നിലവിൽ 17 രൂപയാണ് ഫീസ്. ഇതിൽ 10 രൂപ അക്ഷയയുടെ സർവ്വീസ് ചാർജ്ജും 5 രൂപ കോർട്ട് ഫീ സ്റ്റാമ്പിനുള്ള തുകയും 2 രൂപ സർക്കാരിനുള്ള വിഹിതവുമാണ്. കൂടാതെ, അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിന് 2 രൂപയും രേഖകൾ/സർട്ടിഫിക്കറ്റ് സ്കാൻ/പ്രിന്റ് ചെയ്യുന്നതിന് പേജ് ഒന്നിന് 2 രൂപയും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ/ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവരെ മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം കോർട്ട്ഫീസ്റ്റാമ്പ്/സർക്കാരിനുള്ള വിഹീതം അടയ്ക്കുന്നതിൽ നിന്നും 17.10.2013 ലെ സ.ഉ(കൈ) നം. 31/2013/വിസാവ. പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

(ഇ) പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ജാതി തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് എത്ര

(ഇ) Kerala (Scheduled Castes & Scheduled Tribes Regulation of Issue of Community Certificate Rules -2002)

| | | | |
|---|---|---|---|
| | ദിവസങ്ങൾക്കുള്ളിൽ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; | | ചട്ടം 4(1) പ്രകാരം അപേക്ഷ ലഭിച്ച് 7 ദിവസങ്ങൾക്കുള്ളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ജാതി തെളിയിക്കു-ന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത വിഭാഗക്കാർക്ക് ആവശ്യമായ ജാതി സർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എഫ്) | പ്രസ്തുത വിഭാഗക്കാർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് സാധാരണഗതിയിൽ കാലതാമസമുണ്ടാകാറില്ല. എന്നാൽ താൻ പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽ-പ്പെട്ടയാളാണെന്ന് തെളിയിക്കേണ്ട ബാധ്യത (Burden of Proof) അപേക്ഷകന്റെയാണെന്ന് Kerala (SC&ST) Regulation of Issue of Community Certificate Act 1996, സെക്ഷൻ 10 - ൽ പറയുന്നുണ്ട്. അപേക്ഷകൻ ആവശ്യമായ രേഖകൾ സമർപ്പിക്കാതിരിക്കുന്ന സന്ദർഭങ്ങളിലും കൂടുതൽ അന്വേഷണം ആവശ്യമായ കേസുകളിലും മാത്രമേ സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം ഉണ്ടാകാറുള്ളൂ. |

സെക്ഷൻ ഓഫീസർ